# സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് സ്വിറ്റ്സർലന്റ്

യു.കെ-യൂറോപ്പ്-ആഫ്രിക്ക ഭദ്രാസനം



## ഇടവക പെരുന്നാളും ദശവത്സരാഘോഷവും

2017 നവംബർ 25 ശനിയാഴ്ച

"ഇതു യഹോവയാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവും ആയിരിക്കുന്നു."

(സങ്കീ. 118:23)

കർത്താവിൽ പ്രിയരെ,

മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമധേയത്തിൽ സ്വിറ്റ്സർലന്റിൽ സ്ഥാപിതമായ **സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയം** അതിന്റെ അനുഗ്രഹവഴികളിൽ 10 സംവത്സരങ്ങൾ പിന്നിടുന്നു. പരി. സഭയുടെ ആരാധനയെ സ്നേഹിക്കുന്ന ഓർത്തഡോക്സ് വിശ്വാസികളുടെ പ്രയത്ന ഫലമായി തുടക്കം കുറിച്ച ആരാധന സമൂഹത്തെ അനവരത കൃപാകടാക്ഷങ്ങളാൽ അനുദിനം വഴി നടത്തുന്ന സർവ്വശക്തന് സ്തോത്രം! ഇടവകയുടെ തുടക്കം മുതൽ വിശ്വാസ വീഥികളിൽ നയിച്ച്, കൗദാശികാനുഷ്ഠാനങ്ങളാൽ വിശ്വാസ സമൂഹത്തെ തേജസ്സുള്ളവരാക്കിയ ആചാര്യന്മാർക്ക് നന്ദിയുടെ നറുമലരുകൾ... പരി. സഭയുടെ സത്യവിശ്വാസത്തിൽ അടിയുറച്ച് നിലകൊണ്ട്, ഇടവകയുടെ വളർച്ചയെ ശക്തമാക്കിയ ഇടവക മക്കൾക്കും അഭ്യുദയകാംക്ഷികൾക്കും നന്ദി.

ഈ ആഹ്ലാദ നിമിഷത്തെ അവിസ്മരണീയമാക്കുവാൻ ഇടവക ദൈവത്തിൽ ശരണപ്പെടുന്നു. ഇടവകയുടെ കാവൽ പിതാവായ പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും ദശവത്സാരാഘോഷവും സംയുക്തമായി **2017 നവംബർ 25 ശനിയാഴ്ച** ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പെരുന്നാൾ ചടങ്ങുകൾക്കും ദശവത്സരാഘോഷങ്ങൾക്കും വന്ദ്യ വൈദീകരുടെ സാന്നിദ്ധ്യത്തിൽ യൂ.കെ-യൂറോപ്പ്-ആഫ്രിക്ക മെത്രാസനാധിപൻ **നി.വ.ദി.ശ്രീ. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ** തിരുമനസ്സുകൊണ്ട് പ്രധാന കാർമ്മികത്വം വഹിക്കും. പെരുന്നാൾ ചടങ്ങുകളിലും ദശവത്സര വാർഷികാഘോഷങ്ങളിലും ഏവരുടെയും പ്രാർത്ഥനാ നിർഭരമായ സാന്നിദ്ധ്യവും സഹായവും കർത്തൃനാമത്തിൽ സ്വാഗതം ചെയ്യുന്നു.

ഇടവകയ്ക്കുവേണ്ടി,

ഫാ. മാത്യു വർഗ്ഗീസ് (വിനു)
(വികാരി)

റ്റിങ്കു തോമസ് ഏലിയാസ്
(കൈസ്ഥാനി)

മാത്യു ഫിലിപ്പ് മണലേൽ
(സെക്രട്ടറി)

# പ്രോഗ്രാം



**2017 നവംബർ 25 ശനി**

രാവിലെ 9.00 : പ്രഭാത നമസ്കാരം

10.00 : **വി. കുർബ്ബാന**

**അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ**യുടെ പ്രധാന കാർമ്മികത്വത്തിൽ

12.00 : **പ്രദക്ഷിണം**

കൈമുത്ത്

ശ്ലൈഹിക വാഴ്വ്

നേർച്ചവിളമ്പ്

2.00 : **പൊതുസമ്മേളനം**

ആദ്ധ്യക്ഷൻ : ഫാ. മാത്യൂ വർഗ്ഗീസ് (ഇടവക വികാരി)

ഉദ്ഘാടനം : **അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ**

സ്വാഗതം : മാത്യൂ ഫിലിപ്പ് മണലേൽ (സെക്രട്ടറി)

**ജൂബിലി സന്ദേശം : റവ. സാം കോശി** (മാർത്തോമ്മ സുറിയാനി സഭ)

ആശംസകൾ : Rev.Fr. Hieronimus Kwure
(Pfarrei, St. Anna Frauenfeld)
റവ.ഫാ. വിൽസൺ എബ്രഹാം (വിയന്ന)
റവ.ഫാ. കുര്യാക്കോസ് കൊള്ളന്നൂർ
(യാക്കോബായ സുറിയാനിസഭ)

**60 വയസ്സിനുമുകളിലുള്ള ഇടവകാംഗങ്ങളെ ആദരിയ്ക്കൽ** : അഭി. തിരുമേനി

കൃതജ്ഞത : റ്റിങ്കു തോമസ് ഏലിയാസ് (ട്രസ്റ്റി)

*Venue: Katholische Kirche,*
*Breitstr,*
*8547 Gachnang (TG)*